പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5562 | 28.07.2015ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.ബി.ഡി.ദേവസ്സി** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ 30 വർഷം വരെയുള്ള കാലയളവിൽ അംഗൻവാടി ജീവനക്കാരായി ജോലി ചെയ്ത് വിരമിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത് എന്ന് അറിയിക്കാമോ;<br>(ബി) ഇവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) & (ബി) അങ്കണവാടി വർക്കർ/ഹെൽപ്പർ 62 വയസ്സായി വിരമിക്കുന്ന അവസരത്തിൽ അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി വർക്കർക്ക് 500/- രൂപയും ഹെൽപ്പർക്ക് 300/- രൂപയും നിലവിൽ പ്രതിമാസ പെൻഷനായി നൽകിവരുന്നുണ്ട്. ഇതു കൂടാതെ ടി ജീവനക്കാർ ക്ഷേമനിധിയിൽ അടച്ച വിഹിതം, അതിന്റെ 11% പലിശ, സർക്കാർ വിഹിതം എന്നിവയും അനുവദിച്ചു നൽകി വരുന്നുണ്ട്. അങ്കണവാടിയിൽ നിന്നും പെൻഷനായി വിരമിക്കുന്ന വർക്കർക്ക് 15000/- രൂപയും ഹെൽപ്പർക്ക് 10000/- രൂപയും വിരമിക്കൽ ആനുകൂല്യമായും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ